Santhigiri

ഗുരുവാണി

നമുക്കും നമ്മുടെ സമൂഹത്തിനും ജീവരാശിക്കാകമാനവും നന്മകൾ കൈവരുത്തുവാൻ പ്രാർത്ഥനയ്ക്കു കഴിയുന്നു. അത് ഈശ്വരസങ്കല്പമായി ചെയ്യണം.

# ഉമ്മിണിതങ്കം

VOL 03 | ISSUE 04 | 2017 ജനുവരി 22 | 1192 മകരം 09

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org

തിരുവനന്തപുരം റൂറൽ

## ലഹരി വിമുക്ത കേരളം : ശാന്തിഗിരി പങ്കാളിയാകുന്നു

## പദ്ധതിയുടെ ഉദ്ഘാടനം മുഖ്യമന്ത്രി നിർവ്വഹിക്കും

**തിരുവനന്തപുരം :** യുവതലമുറയെ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും നീരാളിപ്പിടുത്തത്തിൽ നിന്നും രക്ഷിക്കുന്നതിനുള്ള പദ്ധതിയിൽ സംസ്ഥാന സർക്കാറിനൊപ്പം ശാന്തിഗിരി ആശ്രമവും പങ്കാളിയാകുന്നു. ആഭ്യന്തര വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, നടൻ മമ്മൂട്ടിയുടെ നേതൃത്വത്തിലുള്ള കെയർ ആന്റ് ഷെയർ ഇന്റർനാഷണൽ ഫൗണ്ടേഷൻ, ഡോ. വർഗ്ഗീസ് മൂലൻ ഫൗണ്ടേഷൻ എന്നിവയുമായാണ് ഈ ഉദ്യമത്തിൽ ശാന്തിഗിരി ആശ്രമം കൈകോർക്കുന്നത്. 'വഴികാട്ടി' എന്ന ഈ പദ്ധതിയുടെ ഉദ്ഘാടനം ജനുവരി 25ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും. ഇതിന്റെ ഭാഗമായി ബൈജു ടു. ഡി. സംവിധാനം ചെയ്ത 'വഴികാട്ടി' എന്ന ഹ്രസ്വചിത്രം സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും, പ്രമുഖ റെയിൽവേ സ്റ്റേഷനുകളിലും പ്രദർശിപ്പിക്കും.

ആദ്യഘട്ടമായി ജനുവരി 26-ാം തീയതി രാവിലെ 10.30 മുതൽ 11 മണി വരെ വിക്ടേഴ്സ് ചാനലുവഴിയാണ് ഹ്രസ്വചിത്രപ്രദർശനം നടത്തുക. സംസ്ഥാനത്തെ മുഴുവൻ ഹൈസ്കൂൾ, ഹയർസെക്കന്ററി സ്കൂൾ, കോളേജുകൾ, ദൃശ്യമാധ്യമങ്ങൾ എന്നിവിടങ്ങളിൽ ഒരേ സമയം പ്രദർശനം നടത്തുന്ന ഇത്തരമൊരു പരിപാടി ആദ്യമായാണ് സംസ്ഥാന സർക്കാരിന്റെ മേൽനോട്ടത്തിൽ നടക്കുന്നത്. ഒരുകോടിയിൽപ്പരം വിദ്യാർത്ഥികളിൽ ഒരേസമയം ലഹരി വിരുദ്ധസന്ദേശം എത്തും എന്നതാണ് ഈ പരിപാടിയുടെ പ്രത്യേകത.



'വഴികാട്ടി' ഹ്രസ്വചിത്രത്തിലെ ഒരു രംഗം

മമ്മൂട്ടിയോടൊപ്പം സംസ്ഥാന വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ്, ഡി. ജി. പി. ലോകനാഥ് ബഹ്റ, നിശാന്തിനി ഐ. പി. എസ്, തെരഞ്ഞെടുത്ത വിദ്യാർത്ഥി വിദ്യാർത്ഥിനികളും അധ്യാപകരും പോലീസ് ഉദ്യോഗസ്ഥരും ഈ ഹ്രസ്വചിത്രത്തിൽ വേഷമിടുന്നു. മൂന്ന് വിദ്യാർത്ഥികളുടെ ജീവിതത്തിലുണ്ടാവുന്ന ദാരുണമായ ദുരന്തവും പോലീസ് കണ്ടെത്തുന്ന പരിഹാരവും ലഹരിവിരുദ്ധ സന്ദേശവുമാണ് ചിത്രത്തിന്റെ ഉള്ളടക്കം. ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ പ്രാധാന്യം ജനങ്ങളിലെത്തിക്കുന്നതിനായി വിവിധ ഘട്ടങ്ങളിലായി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

### പൂജിതപീഠം സമർപ്പണം പ്രാർത്ഥനാ സങ്കൽപ്പം

" എന്റെ കുടുംബത്തോടെയുള്ള ദോഷവും ഞാൻ ചെയ്തിട്ടുള്ള എല്ലാ പാപശക്തികളും അങ്ങനെ സകലവിധ ദോഷവശവും മാറി എന്ത് നന്മയാണോ എനിക്കും എന്റെ കുടുംബത്തിനും കിട്ടേണ്ടത്, അത് എന്താണോ എന്റെ ഗുരുവിൽക്കൂടി കിട്ടേണ്ടത്, കിട്ടണേ അപ്പാ.."




## ഭക്തിയുടെ നിറവിൽ ജന്മഗൃഹ തീർത്ഥയാത്ര

**ചന്ദിരൂർ :** ഗുരുനാമ മന്ത്രമുഖരിതമായ അന്തരീക്ഷത്തിൽ പതിനേഴാമത് ശാന്തിഗിരി തീർത്ഥയാത്രാ വാർഷിക ചടങ്ങുകൾ നടന്നു. ജനുവരി 20 ന് ചന്ദിരൂർ ഗവ: ഹയർ സെക്കറി സ്കൂളിൽ നിന്നാരംഭിച്ച വർണ്ണാഭമായ ജന്മഗൃഹ തീർത്ഥയാത്രയ്ക്ക് ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാന തപസ്വി ഭദ്രദീപ പ്രകാശനം നടത്തി. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി ആയിരക്കണക്കിന് ഗുരുഭക്തരും അഭ്യുദയകാംക്ഷികളും തീർത്ഥയാത്രയിൽ പങ്കെടുത്തു. രാവിലെ 9ന് നടന്ന ആരാധനയോടെ തീർത്ഥയാത്ര ഗുരുപാദങ്ങളിൽ സമർപ്പിച്ചു.




ജന്മഗൃഹ തീർത്ഥയാത്രയിൽ നിന്ന്

തുടർന്നു നടന്ന സമ്മേളനം അഡ്വ. എ.എം. ആരിഫ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ സാംസ്ക്കാരിക രാഷ്ട്രീയ മേഖലകളിലെ പ്രമുഖർ പങ്കെടുത്തു.

## ഗുരുവാണി

സന്ന്യാസി എന്നുപറയുന്ന ആളുകളെപ്പറ്റി നാം കേട്ടുവച്ചിരിക്കുന്നത് വല്ല പച്ചിലമാത്രം കൂടിയാൽ കഴിക്കുക. അതും എല്ലാ പച്ചിലയും വേണ്ട. വെള്ളവും ഉപയോഗിക്കാതിരിക്കുന്നതാണ് സന്ന്യാസി. ആ തരത്തിൽ ഒരു കൂട്ടർ. പക്ഷേ ഇത് ഞാൻ മുമ്പ് പല പ്രാവശ്യം പറഞ്ഞിട്ടുണ്ട്. വിഷം കഴിച്ചാണ് ഇത് ശരിയാക്കിയെടുത്തത്. അങ്ങനെയുള്ള പ്രയോഗം രാജർഷിമാരാണ് കാണിച്ചുകൊടുത്തത്. പാവപ്പെട്ട അവന്റെ പ്രജ, ഈശ്വരാ എന്നുള്ള ഒരുവിളികൊണ്ട് ജനങ്ങൾക്ക് അനവധി നന്മചെയ്ത് കണ്ടിട്ട്-ഇതൊരു വല്ലാത്ത പണിയാണ്, ഞാൻ ഇവന് കീഴാകേണ്ടി വരുന്നു- ഇതവൻ പലകാലം ചിന്തിച്ചു. എന്നാൽ ഇവനെ പറ്റിക്കാൻ ഒരു വശമുണ്ട്. അതു ചില സന്ന്യാസിമാർ തന്നെ അവനു പറഞ്ഞുകൊടുത്തു. അതെന്താണ്, ഇങ്ങനെ വിഷം ചേർത്തുകഴിക്കുക എന്നുപറഞ്ഞാൽ? പാഷാണങ്ങളിൽപ്പെട്ട ചില സാധനങ്ങൾ നമ്മൾ കൃഷി ചെയ്തതിന്റെ തണ്ടിന്റെ അകത്തോ അതിന്റെ മൂട്ടിലോ വളമായിട്ടുവയ്ക്കും. ഇങ്ങനെ ഇത് കുറേശ്ശെ ആഹാരത്തിൽ കലർത്തും. ഇന്ന് നമുക്ക് ഇതൊന്നും ചെയ്യാതെതന്നെ അനുഭവമാണ്. അമോണിയ ചേർക്കാത്ത പദാർത്ഥങ്ങൾ ഇല്ലെന്നായിട്ടുണ്ട്. പലതിന്റെയും ചുവട്ടിൽ ഇതൊക്കെകൊണ്ടുചെന്നിടുകയാണ്. എന്നതുപോലെ വിഷം ചേർന്നുചേർന്ന് ചെന്നാൽ പിന്നെ വിഷം ചെറുതായിട്ട് കഴിച്ചാലൊന്നും ഏൽക്കുകയില്ല.

അങ്ങനെ ഇലവർഗങ്ങൾ, അത് തുളസിയിലയിൽ തുടങ്ങി കാഞ്ഞിരത്തിലയിൽകൊണ്ടുവന്നു നിർത്തും. കാഞ്ഞിരത്തിലയിലാണ് നിർത്തുന്നത്-കാഞ്ഞിരത്തിലയുടെ തളിര്. അതൊരു കൽപസേവയെന്നാണ് പറയുന്നത്. ഇതുകഴിഞ്ഞാൽ പിന്നെ മരുന്നുവർഗങ്ങൾ. ഈ മരുന്നുവർഗങ്ങൾക്ക് നവപാഷാണത്തിന്റെ കയ്പില്ല. നവപാഷാണമല്ലാത്ത മറ്റുചരക്കുകൾ കൊണ്ടുവന്ന് പാകപ്പെടുത്തി കഴിക്കുകയാണ്, മരുന്നായിട്ട്, ഇതു കഴിഞ്ഞ് നവപാഷാണം തന്നെ ശുദ്ധിചെയ്തു കഴിക്കും. ഓരോന്നിനും അതിന്റേതായ പരുവവും അളവുമൊക്കെയുണ്ട്. ഇതു കഴിഞ്ഞ്, എല്ലാം കൂടിച്ചേർന്നൊരു കൽപസേവയുണ്ട്.

ഇതുവരുമ്പോൾ ഇവൻ ആഹാരമൊക്കെ വെറുക്കും. പിന്നെ ഇവന് ആഹാരമെന്തെങ്കിലും ചെറിയ നിലയിൽ മതിയാകും. പാലും പഴവും അതുപോലെയുള്ള മറ്റുവല്ല ലഘുവായ ആഹാരങ്ങളും കഴിച്ചാൽ മതിയാകും. ഇതിനെയാണ് പഥ്യാഹാരം എന്നൊക്കെപറയുന്നത്. അതുകഴിഞ്ഞാൽ പിന്നെ ഒൻപത് ദ്വാരമോ മുഖമോ ഉള്ള ഒരു ഗുഹതീർക്കുക. ഇത്രമണിക്കൂർ സമയം ഇന്ന ഗുഹാമുഖത്ത് കഴിയണമെന്നാണ്. അത് ഉത്തരായനവും ദക്ഷിണായനവും നോക്കിയാണ് ചെയ്യുന്നത്. അപ്പോൾ ഉത്തരായനകാലത്ത് ഇന്ന ഗുഹാമുഖങ്ങളിൽ ഇരുന്നോളണം. അത് ആറുമാസത്തേക്ക് ദക്ഷിണായനമുഖത്താണ്. ഇതൊക്കെക്കൂടി പറിച്ചിട്ടാണ് ഗുഹാമുഖങ്ങൾ ഉണ്ടാക്കിയിരിക്കുന്നത്.

## വചനദീപ്തി

‘വെറുപ്പിനെ ഒരിക്കലും വെറുപ്പുകൊണ്ട് ഇല്ലാതാക്കാൻ
കഴിയില്ല. എന്നാൽ സ്നേഹത്താൽ വെറുപ്പിനെ
ഇല്ലാതാക്കാൻ കഴിയും ..’

**– ശ്രീബുദ്ധൻ**

## സ്പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

*2017 ജനുവരി 22 മുതൽ 28 വരെ*

| | |
|---|---|
| **ഞായർ** | **– കാഞ്ഞാംപാറ** |
| **തിങ്കൾ** | **– പോത്തൻകോട്** |
| **ചൊവ്വ** | **– പാലോട്ടുകോണം** |
| **ബുധൻ** | **– ജ്യോതിപുരം, ശാന്തിപുരം** |
| **വ്യാഴം** | **– കരുണപുരം, ശാന്തിഗിരി ജംങ്ഷൻ** |
| **വെള്ളി** | **– ലക്ഷ്മിപുരം, ആനന്ദപുരം** |
| **ശനി** | **– ജനസേവികപുരം, രത്നഗിരി** |

## യാമപ്രാർത്ഥന

*2017 ജനുവരി 26 വ്യാഴം*

**കാഞ്ഞാംപാറ, സ്നേഹപുരം, ജനസേവികപുരം**

## നവപൂജിത സമർപ്പണ വാർഷികം

*2017 ജനുവരി 30 തിങ്കൾ*

**പ്രകാശപഥം**

# യഥാർത്ഥ ഭക്തന്റെ സവിശേഷത

പ്രാർത്ഥനയെന്നു പറയുന്ന ഭാഗം ഏതേത് ജന്മങ്ങളിൽ നാം ചെയ്തൊതുക്കും. ഇപ്പോൾ നമ്മുടെ അഖണ്ഡനാമം തന്നെ അശരീരിയായിട്ട് കിട്ടിയ രംഗത്തെപ്പറ്റി നാം ചിന്തിക്ക്.  ഇപ്പോൾ ആ അശരീരി എങ്ങനെ കിട്ടി. പ്രകാശത്തിൽനിന്നും ശബ്ദം ഉണ്ടാകുന്നു. ആ ശബ്ദത്തിൽ നിന്നും ആരുടെ നാമമുണ്ടാകുന്നോ, ഏത് സ്തോത്രമുണ്ടാകുന്നോ, ഏത് സ്തുതി ഗീതങ്ങളുണ്ടാകുന്നോ എന്ന് നാം, അതാരെങ്കിലും, നമ്മളാരെങ്കിലും പറഞ്ഞു വച്ചിരുന്നതാണോ. വേറെ ഋഷീശ്വരൻമാർ ജനിച്ചിരുന്നോ, ഏതെല്ലാം കർമബന്ധത്തിൽ നിന്നും  പൊട്ടിപ്പോയവർ ഇതിനെപ്പറ്റി ചിന്തിക്കുകയും അതിനെ അതിന്റെ മനസാക്ഷിയോടുകൂടി നിന്ന് പ്രവർത്തിക്കുകയും ചെയ്ത രംഗങ്ങളിൽ എങ്ങനെയാണ് ഈ അന്തരീക്ഷത്തിൽ വിലയം പ്രാപിച്ചു നിൽക്കുന്നത്. അങ്ങനെ വ്യാപകമായി നിൽക്കുന്ന ഈ അപകടകരമായ  സർവ്വശക്തികളും ഈ അഖണ്ഡനാമജപത്തിൽ നിന്ന് ആ സുകൃതമായിട്ടു വരുന്ന ആ ശബ്ദം കേട്ടിട്ട് അവർ എത്തേണ്ട സ്ഥാനത്ത് എത്തുകയും നമ്മുടെ ദോഷം തീരുകയും ചെയ്യും. ഇപ്പോൾ അത് സ്തോത്രമായിട്ടും, സ്തുതിയായിട്ടും ഗീതമായിട്ടും ഈശ്വരനെ പ്രാർത്ഥിച്ച് ഉള്ളിലേക്കെടുക്കുന്ന ഒരു സുകൃതമാണ്. ആ സുകൃതം ഏതൊരു തപോബലശക്തിയിലേക്കാണ് നമ്മളെക്കൊണ്ടെത്തിക്കുന്നതെന്ന് അവസ്ഥാന്തരങ്ങളിൽക്കൂടി നാം മനസ്സിലാക്കുകയാണ്. അത് മറ്റ് വേദേതിഹാസപുരാണങ്ങളും, ഉപനിഷത്തുകളിലും മറ്റേതൊരു കാര്യങ്ങളിലും പറഞ്ഞിരിക്കുന്നതെന്ന കാരണം ആ പറഞ്ഞിരിക്കുന്നതൊക്കെ ഒരു ഭാഗമാവുന്നതെന്നേയുള്ളൂ. ഇത് അനുഭവമാണ്. കാരണം  ജാഗ്രത്തിലും സ്വപ്നത്തിലും സുഷുപ്തിയിലും തുരിയത്തിലും തുരിയാതീതത്തിലും കണ്ടിട്ട് ഈ അഖണ്ഡനാമം എവിടെനിന്നാണ് ഇത് ഉണ്ടാകുന്നത് ആരാണ് ഇത് ആദ്യമായിട്ട് നമ്മളോട് പറഞ്ഞത്, ആ ബ്രഹ്മശക്തിയിൽ നിന്ന് ആ കാരുണ്യത്തിൽ നിന്ന് നമുക്ക് കിട്ടിയ ആ വാക്ക് എങ്ങനെയാണ്, നാം ഗുരുവിനെ ദൈവമായിട്ട് ആ ദൈവത്തിന്റെ പ്രതിബിംബമായിട്ടും, അതിൽ ലയിച്ചുചേരുന്ന പ്രകാശസ്രോതസ്സിനെപ്പറ്റിയാണ് നാം, അതാണ് നാം.

‘നവഒലി’ എന്നും ‘നവസങ്കല്പങ്ങൾ’ എന്നും ‘നവപൂജിതം’ എന്നും പറയുന്ന ഭാഗത്ത് ഈ പ്രകാശം എവിടെയാണ് പൂർണ്ണതയിൽ പൂർണ്ണമായി നിൽക്കുന്നത് എന്നറിയാൻ, ആ അറിയാനാണ് ‘അനുഭൂതി’ അല്ലെങ്കിൽ ‘സാക്ഷാത്കാരം’ അല്ലെങ്കിൽ ‘പ്രത്യക്ഷാവഹം ധർമം’ എന്നൊക്കെ പറയുന്ന ഭാഗം മനസ്സിൽക്കൂടി നമ്മൾ അനുഭവിച്ചറിയുകയാണ്. ആ അനുഭവം നമ്മളും മറ്റുള്ളവരുമായി പങ്കുവച്ചിട്ട് മനസ്സിന്റെ ഉള്ളിൽ നിന്ന് ഈ അഖണ്ഡനാമം നാമറിയാതെ വരികയാണ്. ജപിച്ചുകൊണ്ടേയിരിക്കുകയാണ്. ആ ജപമാണ് യഥാർത്ഥമായ നാമസ്മരണയായിട്ട് ഈ ലോകത്തും, പരലോകത്തും, ഇനി വരാനിരിക്കുന്ന ലോകത്തും അല്ലെങ്കിൽ ഇനിയും സൗരയൂഥത്തിന്റെ ഏതേത് രംഗങ്ങളിലേക്ക് മാറണമെന്ന്, അതാണ് നമ്മൾ കാണുന്നത്. ഋഷിമാർ ഓരോന്നും ഈ നാമം ജപിച്ചിട്ട് നിങ്ങൾക്ക് എന്തൊക്കെ സാധിക്കാൻ പറ്റും, ചീത്തയായിട്ടല്ല, നല്ലതിനുവേണ്ടി എന്തും സാധിക്കാൻ പറ്റും; ആ പറ്റുന്ന പറ്റൽ എന്തിനെപ്പറ്റി പറ്റുന്നതായിരിക്കണം എന്നാണ് നമ്മുടെ പിന്നത്തെ ചിന്താഗതി. അങ്ങനെയീ അശരീരിയായി കിട്ടിയ ഈ ഭാഗം നമ്മൾ മനസിൽ സൂക്ഷിച്ചിട്ട് എന്റെ എല്ലാ ജീവിതസരണികളിലും ജീവിതത്തിന്റെ വഴിത്തിരിവുകളിലും, ഞാൻ ഏറ്റവും വലിയോരായുധം സർവ്വനീചത്വങ്ങളെയും നശിപ്പിക്കാനുതകുന്ന ഒരായുധമായിട്ടുതന്നെ ഞാൻ ഇതിൽ നിൽക്കുന്നു. അങ്ങനെയൊരു മന:ശാഠ്യത്തോടുകൂടി ഞാൻ സദാ മനസ്സു നമിക്കുകയാണ്. ഞാൻ എന്റെ ഗുരുവിന്റെ പാദത്തിൽ ഇത് സമർപ്പിക്കുകയാണ്. ഈ മന്ത്രം ചൊല്ലിത്തന്നെ ഞാനിതെല്ലാം ആയിത്തീരും അതാണ് യഥാർത്ഥമായ ഒരു ഭക്തന്റെ സവിശേഷത.

(**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** –അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്)

# ‘അമൃതം 2017’ ദേശീയ ശില്പശാല നടന്നു

**പാലക്കാട് :** ശാന്തിഗിരി ആയുർവേദ മെഡിക്കൽ കോളേജിൽ ജനുവരി 19, 20, 21 തീയതികളിൽ ‘വിഷ ചികിത്സയുടെ സമകാലിക പ്രസക്തി’ എന്ന വിഷയത്തിൽ ദേശീയ ശില്പശാല നടന്നു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി അഞ്ഞൂറോളം പ്രതിനിധികൾ പങ്കെടുത്ത സെമിനാറിൽ നൂറിലധികം ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെട്ടു. സെമിനാറിന്റെ ഉദ്ഘാടനം 19 ന് കെ.കൃഷ്ണൻകുട്ടി എം.എൽ.എ നിർവ്വഹിച്ചു. ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറി സർവ്വാദരണീയ സ്വാമി ചൈതന്യ ജ്ഞാനതപസ്വി അനുഗ്രഹ പ്രഭാഷണം നടത്തി. സെൻട്രൽ കൗൺസിൽ ഓഫ് ഇന്ത്യൻ മെഡിസിൻ പ്രസിഡന്റ് ഡോ. വി അരുണാചലം മുഖ്യ അതിഥിയായിരുന്നു. ഉദ്ഘാടന ചടങ്ങിനോടനുബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ മികച്ച ആയുർവേദ ഡോക്ടർക്കുള്ള



‘അമൃതം - 2017’ ദേശീയ ശില്പശാലക്ക് തുടക്കം കുറിക്കുന്നു

അവാർഡു നേടിയ കോയമ്പത്തൂർ ആര്യവൈദ്യ ഫാർമസി മാനേജിംഗ് ഡയറക്ടർ ഡോ. പി.ആർ കൃഷ്ണകുമാർ, ഇന്ത്യയിലെ മികച്ച ആയുർവേദ അദ്ധ്യാപകനുള്ള അവാർഡുനേടിയ ഡോ. എസ് ഗോപകുമാർ (തിരുവനന്തപുരം ഗവ. ആയുർവേദ കോളേജ്) എന്നിവരെ ആദരിച്ചു. ചടങ്ങിൽ ആദരണീയ സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വി, സ്വാമി ചന്ദ്രദീപ്തൻ ജ്ഞാനതപസ്വി, കൊടുമ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷൈലജ, ശാന്തിഗിരി ആയുർവേദ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. ആരതി. പി.എസ്, അശോക് പി.ജെ. തുടങ്ങിയവർ പങ്കെടുത്തു.

കേന്ദ്ര ഗവൺമെന്റ് ആയുഷ് വകുപ്പിന്റെ സഹകരണത്തോടെ ആണ് സെമിനാർ സംഘടിപ്പിച്ചത്. ഇതിനോടനുബന്ധിച്ചു നടത്തിയ പേപ്പർ, പ്രസന്റേഷൻ മത്സരത്തിൽ നൂറോളം വിദ്യാർത്ഥികൾ പങ്കെടുത്തു. വിജയികൾക്ക് ക്യാഷ് പ്രൈസ് നൽകി.


## പഞ്ചകർമ്മ കോഴ്സിന് സീറ്റൊഴിവ്

തിരുവനന്തപുരം ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസസിൽ
6 മാസ/1 വർഷ ആയുർവേദ പഞ്ചകർമ്മ കോഴ്സിൽ സീറ്റൊഴിവ്.
**ബന്ധപ്പെടേണ്ട നമ്പർ: 9744054206, 8113034007**



സംഗീത ആൽബം റെക്കോഡിംഗിൽ നിന്ന്

# ഹരിത കേരള മിഷനായി സംഗീത ആൽബം

**എഡ്യുക്കേഷൻ സോൺ** : 'ഹരിത കേരളം' പദ്ധതിയുടെ ഭാഗമായി സംഗീത ആൽബവുമായി ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിലെ സീഡ് പ്രവർത്തകർ. പരിസ്ഥിതിയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത, നമ്മുടെ ജൈവ സമ്പത്തിന്റെ പ്രാധാന്യം എന്നിവയെക്കുറിച്ച് വിദ്യാർത്ഥികൾക്കും സമൂഹത്തിനും അവബോധം നൽകുക എന്ന ലക്ഷ്യത്തോടെയാണ് ആൽബം നിർമ്മിക്കുന്നത്. 'ഹരിതകേരളം' എന്ന് പേരിട്ടിരിക്കുന്ന ആൽബത്തിന്റെ ചിത്രീകരണം അഗ്രികൾച്ചർ സോണിൽ വച്ച് നടന്നു. സ്കൂൾ പ്രിൻസിപ്പൽ ആദരണീയ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി സ്വിച്ചോൺ കർമ്മം നിർവ്വഹിച്ചു. 'ഉണർന്നു പാടണം സുവർണ്ണ കേരളം ഉയർന്നു നിൽക്കണം ഹരിത ഭംഗിയും' എന്ന തുടങ്ങുന്ന വരികളുടെ രചനയും സംഗീതവും നിർവ്വഹിച്ചത് വിദ്യാഭവനിലെ സംഗീതാധ്യാപകനായ രാജേഷ് അമ്പാടിയാണ്. വരുംതലമുറക്കു കൂടി അവകാശപ്പെട്ട പാഥേയമാണ് നമ്മുടെ പ്രകൃതി വിഭവങ്ങൾ. ഒരു തൈ നടന്നതിലൂടെ ഒരു തണൽ ഭാവി തലമുറക്കായി കരുതി വെയ്ക്കാം, നമുക്ക് വരദാനമായി ലഭിച്ച ഈ അക്ഷയഖനി ഹരിതശോഭയോടെ കാത്തുസൂക്ഷിക്കാം എന്ന മഹത്തായ സന്ദേശമാണ് ഈ ആൽബം മുന്നോട്ടു വയ്ക്കുന്നത്. ജനുവരി മാസത്തിൽ ആൽബത്തിന്റെ പ്രവർത്തനം നടത്താനുള്ള ശ്രമത്തിലാണ് അണിയറ പ്രവർത്തകർ.


ഗുരുചരണം ശരണം

## മോഹനം ഒപ്റ്റിക്കൽസ്

കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് & കോൺടാക്ട് ലെൻസ് ക്ലിനിക്ക്

(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)

ഫോൺ : 8089695320




മുൻ കേന്ദ്ര പ്രതിരോധ വകുപ്പ് മന്ത്രി എ. കെ ആന്റണിയുടെ പത്നി എലിസബത്ത് ആന്റണി ആശ്രമം സന്ദർശിച്ചപ്പോൾ


ഗുരുചരണം ശരണം

## ശാന്തിഗിരി ആരൂഢശുദ്ധി

ആശ്രമോചിതമായ രീതിയിൽ ചെലവുകുറഞ്ഞ ഭവനങ്ങൾ നിർമ്മിച്ചു നൽകുന്നു

വിവരങ്ങൾക്ക് : 8111849007, 9496294279, 9446438515, 8111882324


# പൊതുയോഗം നടന്നു

**റിസർച്ച് സോൺ :** ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിന്റെ ചുമതലയിൽ ജനുവരി 14ന് റിസർച്ച് സോൺ കമ്മ്യൂണിറ്റി ഹാളിൽ വച്ച് ആശ്രമം ഡിപ്പാർട്ട്മെന്റുകളുടെയും ഗൃഹസ്ഥാശ്രമസംഘത്തിന്റെയും സംയുക്ത പൊതുയോഗം നടന്നു. ജനറൽ അഡ്മിനിസ്ട്രേഷൻ ഹെഡ് സർവ്വാദരണീയ സ്വാമി ധർമ്മാനന്ദ ജ്ഞാനതപസ്വി മുഖ്യപ്രഭാഷണം നടത്തി. ആശ്രമത്തിൽ നമ്മൾ ചെയ്യുന്ന കർമ്മം ഗുരുശുശ്രൂഷയാണെന്നും കർമ്മം ചെയ്യുമ്പോൾ മനസ് ചീത്തയാക്കാതെ പ്രസ്ഥാനത്തിന്റെ നന്മയ്ക്കായി സേവനം ചെയ്യണമെന്നും സ്വാമി അഭിപ്രായപ്പെട്ടു.

ഗ്യാസ് സിലിണ്ടറുകൾ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് സേഫ്റ്റി ഡിപ്പാർട്ട്മെന്റ് ഡെപ്യൂട്ടി മാനേജർ എൻ. ചന്ദ്രൻ പിള്ള സംസാരിച്ചു. ജന്മഗൃഹതീർത്ഥയാത്രയെക്കുറിച്ചും ഗുരുകാന്തിയുടെ പ്രവർത്തനങ്ങളെക്കുറിച്ചും എം. പി. പ്രമോദ് സംസാരിച്ചു. പൊതുഅറിയിപ്പുകളും പൂജിതപീഠം സമർപ്പണസങ്കല്പവും മീറ്റിംഗിൽ വായിച്ചു. ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റ് ചീഫ് അഡ്വൈസർ ആർ. ഗോപാലകൃഷ്ണൻ സ്വാഗതവും ആദരണീയ സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി കൃതജ്ഞതയും അർപ്പിച്ചു.



പൊതുയോഗത്തിൽ സ്വാമി ധർമ്മാനന്ദ ജ്ഞാന തപസ്വി സംസാരിക്കുന്നു



# ശാന്തിഗിരി വിദ്യാഭവനിൽ വിളവെടുപ്പുത്സവം

**എഡ്യുക്കേഷൻ സോൺ :** ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ ജൈവ പച്ചക്കറികളുടെ വിളവെടുപ്പ് നടത്തി. ഹരിത കേരളമിഷനുമായി ബന്ധപ്പെട്ട് വിദ്യാഭവനിലെ ജൈവകാർഷിക പദ്ധതിയുടെ ഭാഗമായാണ് വിവിധ തരത്തിലുള്ള പച്ചക്കറികൃഷി നടത്തിയത്. ജനുവരി 13ന് പത്തിലധികം പച്ചക്കറികളുടെ വിളവെടുപ്പാണ് നടന്നത്.

മാതൃഭൂമി സീഡിന്റെ ആഭിമുഖ്യത്തിലാണ് പരിപാടി സംഘടിപ്പിക്കപ്പെട്ടത്. ജൈവ പച്ചക്കറികൃഷിയുടെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികളിൽ അവബോധം ഉണ്ടാക്കുക എന്ന ഉദ്ദേശത്തോടെയാണ് ഈ സംരംഭത്തിന് തുടക്കം കുറിച്ചത്.

'വീട്ടിലൊരു അടുക്കളത്തോട്ടം' എന്ന സന്ദേശം പ്രാവർത്തികമാക്കുന്നതിന് വേണ്ടി കുട്ടികൾക്ക് പച്ചക്കറി വിത്തുകൾ നൽകിയിരുന്നു. കുട്ടിക്കർഷക അവാർഡും നൽകുന്നുണ്ട്. അതിനായി അധ്യാപകരുടെ സംഘം വിദ്യാർത്ഥികളുടെ വീടുകൾ സന്ദർശിച്ചുവരികയാണ്. കാർഷിക മേഖലയിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനാണ് ഈ ഒരു പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്.

# വിവാഹിതരായി



കോഴിക്കോട് ഈസ്റ്റ് ഹിൽ വള്ളിതോട്ടത്തിൽ ദിവംഗതനായ പി.പി. വാസുദേവന്റെ മകൻ റനീഷ് പി.പി.യും ആലപ്പുഴ ചേർത്തല അരൂരിൽ കെ.ടി. വിജയന്റെയും മകൾ ദീപ എ. വി. യും 2017 ജനുവരി 16-ാം തീയതി ശാന്തിഗിരി ആശ്രമത്തിൽ വച്ച് വിവാഹിതരായി.

# എം.ഡി.എസ്. ഗായത്രിയ്ക്ക് 6-ാം റാങ്ക്



**ലക്ഷ്മിപുരം :** നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻ അഖിലേന്ത്യാ തലത്തിൽ നടത്തുന്ന NEET–MDS എൻട്രൻസ് പരീക്ഷയിൽ ഡോ. ഗായത്രി പി.യ്ക്ക് 6-ാം റാങ്ക്. തിരുവനന്തപുരം ഗവൺമെന്റ് ദന്തൽ കോളേജ് നിന്നും BDS കരസ്ഥമാക്കിയിട്ടുള്ള ഗായത്രി ശാന്തിഗിരി ആശ്രമം സീനിയർ ജനറൽ മാനേജർ (ഓഫീസ് ഓഫ് ദി ഓർഗനൈസിംഗ് സെക്രട്ടറി) ഡി.പ്രദീപ്കുമാറിന്റേയും ഡോ. ബി. ഉഷാകുമാരിയുടേയും പുത്രിയാണ്. സഹോദരൻ അരവിന്ദ് പി.



മാർസ് ഇന്റർനാഷണൽ സ്പെല്ലിങ് ബി നാഷണൽ ലെവൽ കോമ്പറ്റീഷനിൽ നാലാം റാങ്ക് കരസ്ഥമാക്കിയ ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂൾ നാലാം ക്ലാസ്സ് വിദ്യാർത്ഥി നല്ലചിത്തൻ ജി.














# വിദ്യാഭവനിൽ 'യാത്രാമൊഴി' 2017

**എഡ്യുക്കേഷൻ സോൺ** : ശാന്തിഗിരി വിദ്യാഭവൻ ഹയർസെക്കന്ററി സ്കൂൾ 12-ാം ക്ലാസ് വിദ്യാർത്ഥികളുടെ യാത്രയയപ്പ് 'യാത്രാമൊഴി 2017' പ്രൗഢഗംഭീരമായ ചടങ്ങുകളോടെ ജനുവരി 20-ാം തീയതി വിദ്യാഭവൻ ഓഡിറ്റോറിയത്തിൽ വച്ചു നടന്നു. എഡ്യുക്കേഷൻ ഡിപ്പാർട്ടുമെന്റ് ഹെഡ് സർവ്വാദരണീയ സ്വാമി നിർമ്മോഹാത്മ ജ്ഞാനതപസ്വി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ആദരണീയ സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി, ആദരണീയ സ്വാമി ജനസമ്മതൻ ജ്ഞാനതപസ്വി, ആദരണീയ സ്വാമി ജനമോഹനൻ ജ്ഞാനതപസ്വി, ആദരണീയ ജനനി കൃപ ജ്ഞാനതപസ്വിനി, വാർഡ് മെമ്പർ സഹീറത്തുബീവി എന്നിവർ സന്നിഹിതരായിരുന്നു. മികച്ച വ്യക്തിത്വവും പഠന പാഠ്യേതരവിഷയങ്ങളിലെ മികവും കണക്കിലെടുത്ത് സ്കൂളിലെ ഏറ്റവും നല്ല വിദ്യാർത്ഥിയായി തിരഞ്ഞെടുക്കപ്പെട്ട മുഹമ്മദ് ഷിബിലിക്ക് പ്രസ്തുത ചടങ്ങിൽ വച്ച് സർവ്വാദരണീയ സ്വാമി നിർമ്മോഹാത്മ ജ്ഞാനതപസ്വി 'ബെസ്റ്റ് ഔട്ട്ഗോയിങ് സ്റ്റുഡന്റ് അവാർഡ്" വിതരണം ചെയ്തു. 'ഹരിതകേരളം' പദ്ധതിയുടെ ഭാഗമായി ശാന്തിഗിരി വിദ്യാഭവൻ ഹയർസെക്കന്ററി സ്കൂൾ എൻ.എസ്.എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ നടത്തിയ 'ഹരിതമിത്ര' പരിപാടിയുടെ ഭാഗമായി ഏറ്റവും നല്ല പച്ചക്കറിത്തോട്ടം തയ്യാറാക്കിയ വീട്ടമ്മയ്ക്കുള്ള പുരസ്കാരം 'ഹരിതമിത്ര 2017' ആനന്ദപുരം യൂണിറ്റിലെ സുലത സുഭാഷിന് ചടങ്ങിൽ വച്ച് വിതരണം ചെയ്തു. തുടർന്ന് യാത്രയാവുന്ന എല്ലാ പ്ലസ്ടു വിദ്യാർത്ഥികൾക്കുമുള്ള സ്കൂളിന്റെ സ്നേഹോപഹാരങ്ങൾ ആദരണീയ സ്വാമിമാർ വിതരണം ചെയ്തു. പ്ലസ്ടു വിദ്യാർത്ഥികളുടെ ഉപഹാരമായുള്ള ഡിസ്പ്ലേ ബോർഡ് വിദ്യാർത്ഥി പ്രതിനിധികൾ ചേർന്ന് സ്കൂൾ പ്രിൻസിപ്പലിന് കൈമാറി. മീറ്റിംഗിനു ശേഷം വിദ്യാർത്ഥികളുടെ വിവിധങ്ങളായ കലാപരിപാടികളും അരങ്ങേറി.























Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
**Editorial Head:** Janani Divya Jnana Thapaswini **Editor:** T. Sasimohan **Senior Co-ordinating Editor:** Anil Cherthala